**STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH**
Department of Technical Education, Govt. of Kerala
HMT Junction, Kalamassery, Kochi – 683 104
E-mail: sitttr@gmail.com, jd_cdc@yahoo.com
Phone & Fax: 0484 2542355 Web: www.sitttrkerala.ac.in

നം.പി.3/3686/2018 തീയതി. 04.07.2019

## പോളിടെക്നിക് കോളേജ് അഡ്മിഷൻ - 2019

# ഫൈനൽ അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു

സംസ്ഥാനത്തെ ഗവൺമെന്റ്, ഗവൺമെന്റ് എയ്ഡഡ്, സ്വാശ്രയ പോളിടെക്നിക്ക് കോളേജിലേക്കുള്ള ഒന്നാം വർഷ അഡ്മിഷന്റെ അവസാന അലോട്ട്മെന്റ് ലിസ്റ്റ് പ്രസിദ്ധീകരിച്ചു. ഈ ലിസ്റ്റ് പ്രകാരം അഡ്മിഷൻ ലഭിച്ചിരിക്കുന്ന മുഴുവൻ അപേക്ഷകരും ലഭിച്ച സ്ഥാപനങ്ങളിലും ബ്രാഞ്ചുകളിലും 5,6 തീയതികളിൽ രാവിലെ 9 മണിമുതൽ വൈകീട്ട് 6 മണിവരെ അഡ്മിഷൻ നേടാവുന്നതാണ്. ഇപ്രകാരം അഡ്മിഷൻ കിട്ടിയിട്ടും സ്ഥാപനങ്ങളിൽ പ്രവേശനം നേടാതിരുന്നാൽ അവർ പ്രവേശന പ്രക്രിയയിൽ നിന്നും പുറത്താവുന്നതാണ്. നേരത്തെ ഉയർന്ന ഓപ്ഷനുവേണ്ടി താൽക്കാലിക അഡ്മിഷൻ എടുത്തവർ ഈ ലിസ്റ്റ് പ്രകാരം കിട്ടിയ സ്ഥാപനങ്ങളിൽ പ്രവേശനം നേടേണ്ടതും പ്രവേശനം നേടാത്ത പക്ഷം അഡ്മിഷൻ പ്രക്രിയയിൽ നിന്നും പുറത്താവുന്നതുമായിരിക്കും. അഡ്മിഷൻ എടുത്തവർക്ക് അവരുടെ ഉയർന്ന ഓപ്ഷനുകൾക്കുവേണ്ടി നോഡൽ പോളിടെക്നിക്കുകളിൽ 9, 10 തീയതികളിൽ നടക്കുന്ന സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതുമാണ്. സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ജൂലൈ 7, 8 തീയതികളിൽ www.polyadmission.org എന്ന വെബ്ബ് സൈറ്റിൽ പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. ജൂലൈ 8 ന് വൈകീട്ട് 3 മണിവരെ മാത്രമേ അതാത് ജില്ലകളിലെ സ്ഥാപനങ്ങളിലേക്ക് രജിസ്ട്രേഷൻ നടത്തുവാൻ സാധിക്കുകയുള്ളൂ. ജൂലൈ 8 ന് വൈകീട്ട് 4 മണിക്ക് സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കേണ്ടവരുടെ ലിസ്റ്റ് വെബ്ബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതും പ്രസ്തുത ലിസ്റ്റ് പ്രകാരമുള്ളവർക്ക് അവരുടെ റാങ്ക് ക്രമത്തിൽ സ്പോട്ട് അഡ്മിഷനിൽ പങ്കെടുക്കാവുന്നതുമാണ്. അപേക്ഷകർക്ക് ഒന്നിൽ കൂടുതൽ ജില്ലകളിലേക്ക് സ്പോട്ട് അഡ്മിഷന് രജിസ്റ്റർ ചെയ്യാവുന്നതും ഒറിജിനൽ സർട്ടിഫിക്കറ്റുകൾ ഏതെങ്കിലും ഒരു സ്ഥലത്ത് സമർപ്പിക്കാവുന്നതും മറ്റു സ്ഥാപനങ്ങളിൽ അധികാരപ്പെടുത്തിയ പ്രതിനിധിയെ പ്രോസ്പക്ടസ്സിൽ പറഞ്ഞിട്ടുള്ള പ്രോക്സി ഫോമിൽ അധികാരപ്പെടുത്തി അയക്കാവുന്നതുമാണ്. കൂടുതൽ വിവരങ്ങൾക്ക് www.polyadmission.org എന്ന വെബ്ബ് സൈറ്റ് സന്ദർശിക്കുക.

ജോയിന്റ് ഡയറക്ടർ

STATE INSTITUTE OF TECHNICAL TEACHERS TRAINING & RESEARCH, KALAMASSERY
GOVERNMENT OF KERALA
DEPT. OF TECHNICAL EDUCATION

PNS/04-07-2019 16:01